**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** **10-06-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **Shri V Sivankutty**<br>**(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും അറിയിക്കാമോ? | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തിരഞ്ഞെടുത്ത എലപ്പുള്ളി ജി.എ.പി.എച്ച്.എസ്.എസ്- ന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തിരഞ്ഞെടുത്ത ജി.വി.എച്ച്. എസ്.എസ് കഞ്ചിക്കോട് സ്കൂളിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തിരഞ്ഞെടുത്ത ജി .വി.എച്ച്.എസ്.എസ് മലമ്പുഴ സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തിരഞ്ഞെടുത്ത സി.ബി.കെ.എം ഗവ.എച്ച.എസ്.എസ് പുതുപ്പരിയാരം ,ജി.എച്ച്.എസ്. ഉമ്മിണി എന്നീ സ്കൂളുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ച വരുന്നു. ജി.യു.പി.എസ് എലപ്പുളിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം തുടങ്ങിയിട്ടുണ്ട്. 1.8 കോടി രൂപയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് ജി.യു.പി.എസ് അകത്തേത്തറ നിർമ്മാണ പ്രവർത്തനം 50 % പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ